# പതിനൊന്നാം കേരള നിയമസഭ
## ആറാം സമ്മേളനം
2003 ജൂൺ 26-ാം തീയതി വ്യാഴാഴ്ച

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -27)

241) സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങൾ
242) തൊഴിൽ നഷ്ടപ്പെടുന്നവർക്കുള്ള ആശ്വാസ നടപടികൾ
243) ബസ്സുകളിൽ സ്പീഡ് ഗവേണർ സംവിധാനം
244) പരമ്പരാഗത വ്യവസായങ്ങൾ
245) ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടി
246) തൊഴിൽ കമ്മീഷൻ രൂപീകരണം
247) അംഗൻവാടി കുട്ടികൾക്ക് പാൽ നൽകുന്ന പദ്ധതി
248) വിവിധ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള പദ്ധതികൾ
249) ദേശസാൽകൃത റൂട്ടുകളുടെ സ്വകാര്യവൽക്കരണം
250) ചെറുകിട തുറമുഖങ്ങളുടെ വികസനം
251) സ്വകാര്യമേഖലയിൽ കരിമണൽ ഖനനത്തിന് അനുമതി നൽകുന്നത് തീരുമാനിക്കാൻ നിയോഗിച്ച സമിതി
252) വ്യവസായ സഹകരണ സംഘങ്ങളെ പുനരിജ്ജീവിപ്പിക്കാൻ നടപടി
253)ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് യാത്രാക്കപ്പലുകളുടെയും ചരക്കുകപ്പലുകളുടെയും സർവീസ് ആരംഭിക്കുന്നതിന് നടപടി
254)എന്റർപ്രൈസസ് റീഫോംസ് കമ്മിറ്റിയുടെ റിപ്പോർട്ട്
255)ഉടമകൾ തോട്ടം നടത്താൻ തയ്യാറാകാത്ത സാഹചര്യം
256)കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലെ കാന്റീനുകൾ
257)ജൈവ വൈവിദ്ധ്യം പ്രയോജനപ്പെടുത്തി വ്യവസായ വികസനത്തിന് നടപടി
258)സഹകരണ ബാങ്കുകളിലെ നിക്ഷേപകരുടെ താത്പര്യം സംരക്ഷിക്കുവാൻ നടപടി
259) നോൺ റസിഡന്റ് കേരളീയർ മുതൽ മുടക്കിന് തയ്യാറായ മേഖലകൾ
260) പൊതുമേഖലാ സംഥാപനങ്ങളിലെ ജീവനക്കാർക്ക് വി. അആർ. എസ്.
261)ചെറുകിട തുറമുഖങ്ങളിലെ മണൽ നീക്കുവാൻ നടപടി
262)നോൺ റസിഡന്റ് കേരളീയർ മുതൽമുടക്കിന് തയ്യാറായ മേഖലകൾ
263)കൺസ്യൂമർ ഫെഡിന്റെ മദ്യ വിപണനം
264)വ്യവസായ സംരംഭങ്ങൾക്ക് ഗവണ്മെന്റ് നല്കുന്ന സഹായങ്ങൾ
265)പരിയാരം മെഡിക്കൽ കോളേജിന്റെ വികസനം
266)വാഹനങ്ങളിൽ നിന്ന് വമിക്കപ്പെടുന്ന പുക മലിനീകരണം തടയാൻ നടപടി
267)കൈത്തറി തൊഴിലാളികളുടെ കൂലിയും ആനുകൂല്യങ്ങളും ഏകീകരിക്കാൻ നടപടി

## സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങൾ

*241.. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി.ജെ. ജോയി :
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീമതി മേഴ്സി രവി:

ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളാണ് പബ്ളിക് സർവ്വീസ് കമ്മിഷന് വിട്ടുകൊടുത്തിട്ടുള്ളത്;

(ബി) മറ്റു സഹകരണ സ്ഥാപനങ്ങളിലെ നിയമനം നടത്തുന്നത് എപ്രകാരമാണ് ;

(സി) പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനങ്ങൾ കുറ്റമറ്റതാക്കി തീർക്കുവാൻ എന്തെല്ലാം നടപടികളെടുക്കാനുദ്ദേശിക്കുന്നു ?

**ഉത്തരം**

**ശ്രീ. എം.വി. രാഘവൻ (സഹകരണവും തുറമുഖവും വകുപ്പുമന്ത്രി):**

(എ) പതിനഞ്ച് അപ്പക്സ് സഹകരണ സ്ഥാപനങ്ങളുടേയും 14 ജില്ലാ സഹകരണ ബാങ്കുകളുടേയും നിയമനങ്ങളാണ് പബ്ളിക് സർവ്വീസ് കമ്മിഷന് വിട്ടുകൊടുത്തിട്ടുള്ളത്. സ്ഥാപനങ്ങളുടെ പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, മറ്റു പ്രാഥമിക വായ്പാ സംഘങ്ങൾ, അർബൻ സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക വികസന ബാങ്ക് എന്നിവയിലെ ജൂനിയർ

ക്ളാർക്ക് മുതൽ മുകളിലോട്ട് നേരിട്ട് നിയമനം നടത്തേണ്ടതായ തസ്തികകളിലേക്ക് സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് മുഖേനയാണ് നിയമനം നടത്തുന്നത്. മേൽപ്പറഞ്ഞവയിൽ ഉൾപ്പെട്ടിട്ടില്ലാത്ത സംഘങ്ങലിൽ അതാതു ഭരണസമിതികൾ അപേക്ഷ ക്ഷമിച്ച് പരീക്ഷയും ഇന്റർവ്യൂവും നടത്തി നിയമിക്കുന്നു.

(സി) സഹകരണ സ്ഥാപനങ്ങളിലേക്കുള്ള നിയമനങ്ങൾ കുറ്റമറ്റതാക്കി തീർക്കുന്നതിനു വേണ്ടിയാണ് പി.എസ്.സി., സഹകരണ സർവ്വീസ് പരീക്ഷാബോർഡ് എന്നിവയെ നിയമനങ്ങൾക്കായുള്ള പരീക്ഷ നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇക്കാര്യത്തിൽ അപാകതകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## തൊഴിൽ നഷ്ടപ്പെടുന്നവർക്കുള്ള ആശ്വാസ നടപടികൾ

*242. ശ്രീമതി ഗിരിജാ സുരേന്ദ്രൻ :

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :

ശ്രീ. വി.കെ. ചന്ദ്രൻ :

ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ നഷ്ടപ്പെടുന്നവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനെക്കുറിച്ച് തൊഴിൽവകുപ്പ് വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്നാണ് വിലയിരുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) തൊഴിൽ നഷ്ടപ്പെടുന്നവരുടെ കുടുംബത്തെ സംരക്ഷിക്കാൻ എന്ത് ആശ്വാസ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) തൊഴിൽ നഷ്ടപ്പെട്ടവരെ സംബന്ധിച്ച കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച് വിശദമാക്കാമോ ;

(ഇ) കേരളത്തിലെ പൊതുമേഖലയിൽ മാത്രം തൊഴിൽ നഷ്ടപ്പെട്ടവർ എത്രയെന്ന് അറിയിക്കുമോ ;

(എഫ്) പത്താം പദ്ധതിക്കാലത്ത് പുതിയ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യം വച്ചിട്ടുള്ളത് എന്നും ഇതിനകം എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞുവെന്നും വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽ വകുപ്പുമന്ത്രി):**

(എ) സംസ്ഥാനത്ത് തൊഴിൽ നഷ്ടപ്പെടുന്നവരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദമായ പഠനം നടത്തിയിട്ടില്ല.

(ബി) ആഗോളവൽക്കരണത്തിന്റെ ഭാഗമായി വന്ന കിടമത്സരത്തിനെ അതിജീവിക്കുവാൻ പല വ്യവസായങ്ങൾക്കും സാധിച്ചിട്ടില്ല. കൂടാതെ ആഗോള നിലവാരവുമായി കിടപിടിക്കുന്നതിനായി ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായ ആധുനികവൽക്കരണവും തൊഴിൽ അവസരങ്ങൽ കുറയുന്നതിന് കാരണമായിട്ടുണ്ട്.

(സിപൊതുമേഖലാ സ്ഥാപനങ്ങലും സ്വകാര്യമേഖലാ സ്ഥാനങ്ങളും വോളന്ററി റിട്ടയർമെന്റ് സ്കീം മുഖാന്തിരമാണ് അധിക ജീവനക്കാരെ ഒഴിവാക്കുന്നത്. തൊഴിൽ നഷ്ടം സംഭവിക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൽ അതാത് യൂണിയനുകളുമായി ഉഭയകക്ഷി തലത്തിലോ ത്രികക്ഷി ചർച്ചയിലോ തീരുമാനിക്കപ്പെടാറുണ്ട്.

(ഡി തൊഴിൽ നഷ്ടപ്പെട്ടവരെ സംബന്ധിച്ച കൃത്യമായ കണക്കുകൾ ശേഖരിച്ചിട്ടില്ല.

(ഇ) ഈ വിവരം ലഭ്യമല്ല.

(എഫ്) പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ബൃഹത്തായ ഒരു പദ്ധതിക്ക് സർക്കാർ രൂപം നൽകി വരുന്നു. അഞ്ച് വർഷം കൊണ്ട് പതിനഞ്ച് ലക്ഷം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കണമെന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

## ബസ്സുകളിൽ സ്പീഡ് ഗവേണർ സംവിധാനം

*243. ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബസ്സുകളിൽ 'സ്പീഡ് ഗവേണർ' സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത സംവിധാനം പരീക്ഷണ വിജയം നേടിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ, ഈ സംവിധാനം ഏർപ്പെടുത്തുന്നതുവഴി കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടാകാവുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ?

**ഉത്തരം**

**ശ്രീ. ആര്‍ ബാലകൃഷ്ണപിള്ള (ഗതാഗത വകുപ്പുമന്ത്രി):**

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ സ്റ്റേജ് ക്യാരേജുകളിലും (മെേഴല രമ്യൃമഴലെ) വലിയ ട്രാന്‍സ്പോര്‍ട്ട് വാഹനങ്ങളിലും (വലമ്യ്യ ്യേമിുീൃ േലവശരഹലെ) 'സ്പീഡ് ഗവേണര്‍' 2003 സെപ്റ്റംബര്‍ ഒന്നു മുതല്‍ ഘടിപ്പിക്കണമെന്ന് 16..4..2003-ലെ ജി.ഒ.(പി)നം.20/03/ട്രാന്‍.പ്രകാരം ഉത്തരവായിട്ടുണ്ട്. ആട്ടോമോറ്റീവ് റിസര്‍ച്ച് അസോസിയേഷന്‍ ഓഫ് ഇന്‍ഡ്യ നല്‍കുന്ന എ.ഐ.എസ്.018 മുദ്രയുള്ളതായിരിക്കണം പ്രസ്തുത സംവിധാനമെന്നും ഉത്തരവില്‍ നിഷ്ക്കര്‍ഷിച്ചിട്ടുണ്ട്.

(സി) കെ.എസ്.ആര്‍.ടി.സി.യിലെ രണ്ട് ദീര്‍ഘദൂര സര്‍വ്വീസ് ബസ്സുകളില്‍ പ്രസ്തുത സംവിധാനം പരീക്ഷണാടിസ്ഥാനത്തില്‍ ഉപയോഗിച്ച് വിജയപ്രദമാണെന്ന് തെളിഞ്ഞിട്ടുണ്ട്.

(ഡി) ഈ സംവിധാനം ഏര്‍പ്പെടുത്തുക വഴി കെ.എസ്.ആര്‍.ടി.സി.ക്ക് ഇന്ധനത്തിന്റെ ഉപയോഗം കുറയ്ക്കുന്നതിനും അതുവഴി ദൈനംദിന പ്രവര്‍ത്തന ചെലവു കുറയ്ക്കുന്നതിനും കഴിയും. സ്റ്റേജ് ക്യാരേജുകളെ കൂടാതെ മറ്റു വലിയ ട്രാന്‍സ്പോര്‍ട്ടു വാഹനങ്ങള്‍ക്കും ഈ സംവിധാനം ഏര്‍പ്പെടുത്തുന്നതു മൂലം വാഹനങ്ങളുടെ അമിതവേഗത നിയന്ത്രണവിധേയമാകുന്നതും തന്മൂലം വര്‍ദ്ധിച്ചുവരുന്ന റോഡപകടങ്ങളുടെ എണ്ണം ഗണ്യമായി കുറയുകയും ചെയ്യും.

## പരമ്പരാഗത വ്യവസായങ്ങള്‍

*244. ശ്രീ. എം.കെ. പോള്‍സണ്‍ മാസ്റ്റര്‍ :
ശ്രീ. വി.ജെ. പൗലോസ് :
പ്രൊഫസര്‍ എ.ഡി. മുസ്തഫ :
ശ്രീ. എന്‍ ശക്തന്‍ :
ശ്രീ. ഡി. സുഗതന്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങള്‍ ഏതെല്ലാമാണ് എന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയില്‍ ഓരോന്നിലും എത്രപേര്‍ വീതം തൊഴില്‍ ചെയ്യുന്നുണ്ട് ;

(സി) പരമ്പരാഗത വ്യവസായങ്ങളെ പരിപോഷിപ്പിക്കാന്‍ ഗവണ്‍മെന്റിന് എന്തെല്ലാം പദ്ധതികളുണ്ട് ;

(ഡി) ഇവ എപ്പോള്‍ നടപ്പിലാക്കാന്‍ കഴിയുമെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) :**

(എ) കയര്‍, കൈത്തറി, കശുവണ്ടി, കരകൗശലം, ഓട്, മല്‍സ്യബന്ധനം, ഈറ്റ, ബീഡി, എന്നിവയാണ് കേരളത്തിലെ പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായങ്ങള്‍.

(ബി) ഓരോ മേഖലയിലും തൊഴില്‍ ചെയ്യുന്നവരുടെ ഏകദേശം എണ്ണം ചുവടെ ചേര്‍ക്കുന്നു. കൈത്തറി മേഖലയില്‍ ഏകദേശം 175000 തൊഴിലാളികളും കയര്‍ മേഖലയില്‍ 4 ലക്ഷത്തോളം പേരും ബീഡി മേഖലയില്‍ 49,365 പേരും കശുവണ്ടി മേഖലയില്‍ 2,54,700 പേരും കരകൗശല വിഭാഗത്തില്‍ 40,856 പേരും പണിയെടുക്കുന്നു. കൂടാതെ ബാംബൂ കോര്‍പ്പറേഷന്റെ നിയന്ത്രണത്തില്‍ വിവിധ കാറ്റഗറികളിലായി 1 ലക്ഷത്തോളം പേരും, കോര്‍പ്പറേഷന്റെ നിയന്ത്രണത്തിലല്ലാത്ത തൊഴിലാളികളുടെ എണ്ണം ലഭ്യമല്ല. ഓട് വ്യവസായത്തില്‍ പ്രത്യക്ഷമായും പരോക്ഷമായും ഒരു ലക്ഷത്തിലധികം ആള്‍ക്കാരും പണിയെടുക്കുന്നു. മത്സ്യമേഖലയിലെ കണക്കുകള്‍ ഇതില്‍ ഉള്‍ക്കൊള്ളിച്ചിട്ടില്ല.

(സി) 1. കയര്‍ വ്യവസായ മേഖലയിലെ പ്രശ്നങ്ങള്‍ പഠിച്ച് പരിഹാരം നിര്‍ദ്ദേശിക്കാന്‍ ഹൈദരാബാദിലെ അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് കോളേജിനെ ചുമതലപ്പെടുത്തി. കമ്പ്യൂട്ടര്‍ എയ്ഡഡ് ഡിസൈന്‍ സെന്റര്‍ സ്ഥാപിക്കുന്നതിനും യന്ത്രവല്‍കൃത റാട്ടുകളില്‍ പരിശീലനം നല്‍കുന്നതിനും, ചകിരി ചോറില്‍ നിന്നും ഊര്‍ജ്ജ ഉല്‍പ്പാദനം, വളം എന്നിവ നിര്‍മ്മിക്കുന്നതിനും, കയര്‍ മേഖലയില്‍ ഗവേഷണം നടത്തി പുതിയ ഉല്‍പ്പന്നങ്ങള്‍ നിര്‍മ്മിക്കുന്നതിനും മറ്റും ധനസഹായം നല്‍കിവരുന്നു. കൈത്തറി മേഖലയില്‍ ഓഹരി പങ്കാളിത്തം, പരിശീലന പരിപാടി ഹാങ്കയാണ്‍ സബ്സിഡി, മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള ദീന്‍ദയാല്‍ കൈത്തറി വികസന പദ്ധതി, ഹാന്‍ലൂം എക്സ്പോര്‍ട്ട് സ്കീം, ഹെല്‍ത്ത് പാക്കേജ് സ്കീം, ഹൗസ് കം വര്‍ക്ക്ഷെഡ് എന്നീ പദ്ധതികള്‍ നടപ്പാക്കിവരുന്നു.

കരകൗശല മേഖലയില്‍ ബാബാ സാഹേബ് അംബേദ്കര്‍ ഹാത്ഷിപ്പ് വികാസ്യോജന, അര്‍ബണ്‍ ഹാത്ത്, തൊഴിലാളികള്‍ക്കുള്ള പെന്‍ഷന്‍ പദ്ധതി, പരിശീലനം, ഹൗസ് കം വര്‍ക്ക് ഷെഡ്, ഓഹരി പങ്കാളിത്തം, അപ്പെക്സ് സ്ഥാപനങ്ങളുടെ വിപുലീകരണത്തിനുള്ള ഗ്രാന്റ് എന്നിവ നടപ്പാക്കിവരുന്നു.

കശുവണ്ടി മേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും, കശുമാവു കൃഷി ആധുനീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. തൊഴിലാളികലുടെ സംരക്ഷണത്തിനായി നാലരക്കോടി രൂപ സേഫ്റ്റി നെറ്റ് ഹെഡ്ഡിൽ തുക വകയിരുത്തി. കശുവണ്ടിവികസന കോർപ്പറേഷന്റെയും കാപ്പക്സിന്റെയും ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനായി ബാങ്കുകളുമായി ചർച്ച നടത്തുന്നു.

ഓട് മേഖലയിൽ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു. കൂടാതെ ഡവലപ്മെന്റ് ആന്റ് ഡെമോൺസ്ട്രേഷൻ ഓഫ് എൻവയോൺമെന്റ് ഫ്രണ്ട്‌ലി ടെക്നോളജീസ് ഇൻ കേരള ബിൽഡിംഗ് മോറ്റീരിയൽസ് സെക്ടർ എന്ന പദ്ധതിക്കായി തുക അനുവദിച്ചു.

ഈറ്റ/മുള മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ല തുക അനുവദിക്കുകയും ഇത് ഘട്ടം ഘട്ടം ആയി കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് നൽകാനും തീരുമാനിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതികൾ എല്ലാംതന്നെ ഇപ്പോൾ നടപ്പിലാക്കി വരികയാണ്.

## ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടി

*245. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :

ശ്രീ. വി.കെ.സി. മമ്മതുകോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ ക്ഷേമനിധി ബോർഡുകൾക്കാണ് ഭരണസമിതി നിലവിലില്ലാത്തതെന്ന് വ്യക്തമാക്കാമോ;

(ബി) ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങളിൽ തൊഴിലാളികൾക്കുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിനും നടപടി കൈക്കൊള്ളുമോ ?

**ഉത്തരം**

**ശ്രീ. ബാബു ദിവാകരൻ (ത്രൊഴിൽ വകുപ്പുമന്ത്രി) :**

(എ) കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി ആന്റ് സിഗാർ വർക്കേഴ്സ് വെൽഫയർഫണ്ട് ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ-കാട്ടുവള്ളി-തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവയിൽ ഇപ്പോൾ ഭരണസമിതി നിലവിലില്ല.

(ബി) ഉണ്ട്.

(സി) നടപടി കൈക്കൊള്ളുന്നതാണ്

## തൊഴിൽ കമ്മീഷൻ രൂപീകരണം

*246. ശ്രീ. എം.എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള തൊഴിൽ നിയമങ്ങൾ സമഗ്രമായി പരിഷ്ക്കരിക്കുന്നതിന് തൊഴിൽ കമ്മിഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനുമുമ്പ് കേരളത്തിൽ തൊഴിൽ കമ്മിഷന് രൂപം നൽകിയിരുന്നുവോ ;

(സി) എങ്കിൽ കമ്മിഷൻ റിപ്പോർട്ട് സമർപ്പിച്ചുവോയെന്നും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവോയെന്നും വിശദീകരിക്കാമോ ?

**ഉത്തരം**

**ശ്രീ. ബാബു ദിവാകരൻ (തൊഴിൽ വകുപ്പുമന്ത്രി) :**

(എ) തൊഴിൽ നിയമങ്ങലും ചട്ടങ്ങലും ലളിതമാക്കുന്നതിനും ഭേദഗതികൾ നിർദ്ദേശിക്കുന്നതിനും ഒരു വിദഗ്ദ്ധ സമിതിക്ക് രൂപം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

(ബി &(സി) സംസ്ഥാനതലത്തിൽ അത്തരമൊരു കമ്മിഷനെ നിയമിച്ചിട്ടില്ല.

## അംഗൻവാടി കുട്ടികൾക്ക് പാൽ നൽകുന്ന പദ്ധതി

*247. ശ്രീ. കെ.പി. രാജേന്ദ്രൻ :

ശ്രീ. എം. കുമാരൻ :

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗൻവാടികളിലൂടെ കുട്ടികൾക്ക് ഒരു കപ്പ് പാൽ കൊടുക്കുന്ന പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ടോ ;

(ബി) സംസ്ഥാനത്ത് എത്ര ബ്ളോക്കുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) മൊത്തം എത്ര അംഗൻവാടികളിലെ കുട്ടികൾക്ക് ഇപ്പോൾ പാൽ ലഭിക്കുന്നുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) പാൽ വിതരണത്തിന് ചുമതലപ്പെടുത്തിയിട്ടുള്ള 'മിൽമ'യുടെ വിതരണമില്ലാത്ത സ്ഥലങ്ങളിൽ കുട്ടികൾക്ക് പാൽ ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സ്ഥലങ്ങളിൽ പാൽ ലഭിക്കില്ലെന്ന് വ്യക്തമാക്കാമോ;

(ഇ) പാൽ എത്തിച്ചുകൊടുക്കാൻ സാധിക്കാത്ത അംഗൻവാടികളിലേക്ക് പാലിന് പകരം പാൽപ്പൊടി നൽകിയാൽ മതിയെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ടോ; ഇപ്പോൾ പാൽപ്പൊടി വിതരണം അംഗൻവാടികളിൽ നടക്കുന്നുണ്ടോ;

(എഫ്) കഴിഞ്ഞ ഒരു വർഷമായി പാൽ നൽകിയ വകയിൽ സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും മിൽമക്ക് എത്ര സംഖ്യ കൊടുത്തു തീർക്കാനുണ്ടെന്ന് വ്യക്തമാക്കാമോ ; കുടിശ്ശിക സംഖ്യ കൊടുക്കാത്തതിനാൽ പാൽ വിതരണം നിർത്തിവയ്ക്കുമെന്ന് മിൽമ സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ;

(ജി) അംഗൻവാടി കുട്ടികൾക്ക് എന്തൊക്കെ ഭക്ഷ്യ വസ്തുക്കളാണ് ഇപ്പോൾ വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) :**

(എ) ഉണ്ട്.

(ബി) 161 ഐ.സി.ഡി.എസ്. ബ്ളോക്കുകളിൽ.

(സി) 19071 അംഗൻവാടികളിലെ കുട്ടികൾക്ക് ഇപ്പോൾ പാൽ ലഭിക്കുന്നുണ്ട്.

(ഡി) ഉണ്ട്. 5242 അംഗൻവാടികളിൽ പാൽ ലഭിക്കുന്നില്ല.

(ഇ) നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രാവർത്തികമാക്കാൻ തുടർ നടപടികൾ എടുക്കുന്നതാണ്.

(എഫ്) ഒരു കോടിയോളം രൂപ നൽകുവാനുണ്ട്. പാൽവിതരണം നിറുത്തിവയ്ക്കുമെന്ന് മിൽമ അറിയിച്ചിട്ടുണ്ടെങ്കിലും തുടർന്നും പാൽ നൽകുന്നുണ്ട്.

(ജി) അംഗൻവാടി ഗുണഭോക്താക്കൾക്ക് (6 മാസം മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്കും ഗർഭിണികൾക്കും, പാലൂട്ടുന്ന അമ്മമാർക്കും) ജനറൽ ഫീഡിംഗ്, 3 വയസ്സു മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് നുൺ ഫീഡിംഗ്. ഇതിന് പുറമെ ഒരു കപ്പു പാലും ഷേക്ക്ഹാന്റും പദ്ധതിപ്രകാരം 6 മാസം മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്ക് ഫീഡിംഗും നൽകുന്നുണ്ട്.

## വിവിധ വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള പദ്ധതികൾ

*248. ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. കെ.കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ സംയോജിപ്പിച്ച് കേരളത്തിലെ ബയോ-ടെക്നോളജി രംഗത്ത് ഒട്ടേറെ കാര്യങ്ങൾ നടപ്പിൽ വരുത്തുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി(വ്യവസായവും സാമൂഹ്യക്ഷേമവും മന്ത്രി) :**

(എ) ഉണ്ട്.

(ബി) ബയോടെക്നോളജി മേഖലയുടെ വികസനത്തിനും, ഈ മേഖലയിൽ നിക്ഷേപം, തൊഴിൽ സാദ്ധ്യത എന്നിവ വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി 31..3..2003-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(എം.എസ്) 42/2003/വ്യവ പ്രകാരം ശ്രീ. രാജീവ് വാസുദേവനെ 'സ്പെഷ്യൽ ഓഫീസർ ഫോർ ബയോടെക്നോളജി' ആയി നിയമിച്ചിട്ടുണ്ട്. ഈ മേഖലയുടെ വികസനത്തിനുവേണ്ടിയുള്ള നിർദ്ദേശങ്ങളും അവ നടപ്പിലാക്കുന്നതിനുവേണ്ട ഭരണപരവും സംഘടനാപരവുമായ കാര്യങ്ങളെക്കുറിച്ച് നിർദ്ദേശങ്ങൽ നൽകുക എന്നതാണ് സ്പെഷ്യൽ ഓഫീസറുടെ പ്രധാന ചുമതല.

ബയോടെക്നോളജി മേഖലയുടെ വികസന സാദ്ധ്യതകൾ കണ്ടെത്തുന്നതിനായി വിവിധ വകുപ്പുകളുമായി സ്പെഷ്യൽ ഓഫീസ് ചർച്ചകൾ നടത്തിവരുന്നു. ട്രോപ്പിക്കൽ ബൊട്ടാണിക്കൽ

ഗാർഡൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ജൈവസമ്പത്ത് മാപ്പ് ചെയ്യുന്നതിനും ഡോക്യുമെന്റ് ചെയ്യുന്നതിനും കേന്ദ്രസർക്കാർ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

ബയോടെക്നോളജി അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ഓരോ ബയോടെക്നോളജി പാർക്കുകൾ തിരുവനന്തപുരത്തും കൊച്ചിയിലും കിൻഫ്രയുടെ ആഭിമുഖ്യത്തിൽ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.. ഇതിനുവേണ്ടി തയ്യാറാക്കിയ പദ്ധതി കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്.

## ദേശസാൽകൃത റൂട്ടുകളുടെ സ്വകാര്യവൽക്കരണം

*249. ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. മത്തായി ചാക്കോ :
ശ്രീ. എം.വി. ജയരാജൻ:
ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശസാൽകൃത റൂട്ടുകൾ സ്വകാര്യവൽക്കരിക്കാൻ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; എങ്കിൽ ആയത് സംബന്ധിച്ച് വിശദമാക്കാമോ;

(ബി) ഏതെല്ലാം റൂട്ടുകൾ സ്വകാര്യവൽക്കരിക്കാനാണിപ്പോൾ നടപടികളുണ്ടായിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) ദേശസാൽകൃത റൂട്ടുകളിൽ യാത്രക്കാരുടെ ആവശ്യാനുസരണം കൂടുതൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഓപ്പറേറ്റ് ചെയ്താൽ വരുമാനത്തിൽ ഇനിയും വർദ്ധന ഉണ്ടാകുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(ഡി) നിലവിലുള്ള ദേശസാൽകൃത റൂട്ടുകൾ സമീപപ്രദേശങ്ങളുമായി സംയോജിപ്പിച്ച് കാലോചിതമായി പരിഷ്ക്കരിച്ച് കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) സ്വകാര്യ വാഹന ഉടമകളുടെ സമ്മർദ്ദങ്ങൾക്ക് വിധേയമായി പെർമിറ്റ് നൽകിവരുന്ന നടപടി അവസാനിപ്പിക്കാൻ തയ്യാറാകുമോ ?

**<u>ഉത്തരം</u>**

**ശ്രീ. ആർ ബാലകൃഷ്ണപിള്ള (ഗതാഗത വകുപ്പുമന്ത്രി):**

(എ) &(ബി) സംസ്ഥാനത്തെ ദേശസാൽകൃത റൂട്ടുകൾ എല്ലാംതന്നെ സ്വകാര്യവൽക്കരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ കോട്ടയം-കട്ടപ്പന റൂട്ട് ഡീനാഷണലൈസ് ചെയ്യുവാൻ തീരുമാനമെടുത്തിട്ടുണ്ട്. പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) ഇക്കാര്യം പരിശോധിക്കാവുന്നതേയുള്ളു.

(ഇ) വാഹന ഉടമകളുടെ സമ്മർദ്ദങ്ങൾക്ക് വിധേയമായി പെർമിറ്റ് നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദേശസാൽകൃത റൂട്ടുകളിലോ, സ്വകാര്യവാഹനങ്ങളുടെ എണ്ണം നിജപ്പെടുത്തിയിട്ുള്ള പ്രദേശങ്ങളോ ഒഴികെയുള്ള റൂട്ടുകളിൽ പെർമിറ്റിനായി നിർദ്ദിഷ്ട നടപടിക്രമങ്ങൾ പാലിച്ച് സമർപ്പിക്കുന്ന അപേക്ഷ നിലവിലുള്ള നിയമത്തിലെ ഉദാര വ്യവസ്ഥ അനുസരിച്ച് നിരസിക്കാൻ സാധിക്കുകയില്ല.

## ചെറുകിട തുറമുഖങ്ങളുടെ വികസനം

250. പ്രൊഫ. എ.ഡി. മുസ്തഫ
ശ്രീമതി മേഴ്സി രവി
ശ്രീ. അടൂർ പ്രകാശ്
ശ്രീ. എൻ. ശക്തൻ
ശ്രീ. വി.ജെ. പൗലോസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള ചെറുകിട തുറമുഖങ്ങളുടെ വികസനത്തിനായി ഏതെങ്കിലും കൺസൾട്ടൻസിയെ നിയമിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആരെയെല്ലാമാണെന്ന് പറയുമോ;

(സി) ഏതെല്ലാം തുറമുഖങ്ങളുടെ വികസനത്തിനുള്ള രൂപരേഖയാണ് ഇവർ തയ്യാറാക്കേണ്ടത്;

(ഡി) എക്ന്നേക്ക് പ്രസ്തുത ജോലി പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു എന്ന് വ്യക്താമാക്കുമോ;

**<u>ഉത്തരം</u>**

**ശ്രീ. എം.വി.രാഘവൻ (സഹകരണവും തുറമുഖവും വകുപ്പുമന്ത്രി)**

**(എ) ഉണ്ട്.**

**(ബി) ഐ.സി.ഐ.സി.ഐ/കിൻഫ്ര, എൽ ആന്റ് ടി റാംബോൾ ചെന്നൈ.**

**(സി) അഴീക്കലിന്റേത് ഐ.സി.ഐ.സി.ഐ, കിൻഫ്രയും, ആലപ്പുഴയുടെയും വിഴിഞ്ഞത്തിന്റെയും എൽ ആന്റ് ടി റാംബോൾ, ചെന്നൈയുമാണ് തയ്യാറാക്കേണ്ടത്. കൂടാതെ വിഴിഞ്ഞം പദ്ധതിയുടെ നടപടികളിൽ സർക്കാരിനെ സഹായിക്കുവാൻ ക്യാപ്പിറ്റൽ റീജിൻ ഡെവലപ്പമെന്റിന്റെ കൺസൾട്ടന്റായ ഐ.എൽ. ആന്റ് എഫ്.എസ്സും ഉണ്ട്.**

**(സി) അഴീക്കൽ തുറമുഖ വികസനത്തിനുളള പ്രോജക്ട് റിപ്പോർട്ടും ആലപ്പുഴ തുറമുഖത്തിന്റെതും 2003 ജൂലൈ മാസത്തിലും വിഴിഞ്ഞം തുറമുഖത്തിൻറേത് സെപ്റ്റംബർ 2003 ലും പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു.**

**<u>സ്വകാര്യമേഖലയിൽ കരിമണൽ ഖനനത്തിന് അനുമതി നൽകുന്നത് തീരുമാനിക്കാൻ നിയോഗിച്ച സമിതി</u>**

251. ശ്രീ. സാജു പോൾ
ശ്രീ. ടി.കെ. ദേവകുമാർ
ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ശ്രീ. എം.വി. ജയരാജൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മേഖലയിൽ കരിമണൽ ഖനനത്തിന് അനുമതി നൽകാമോ എന്നതിനെക്കുറിച്ച് തീരുമാനിക്കാൻ ഒരു സമിതിയെ നിയോഗിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വിദഗ്ധർ അടങ്ങിയ സമിതിയെയാണ് നിയോഗിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) സമിതിയെ നിയോഗിക്കുന്ന സാഹചര്യത്തിൽ ഇതിനകം ഗവൺമെന്റ് സ്വകാര്യ കമ്പനിക്ക് നൽകിയ അനുമതി റദ്ദാക്കിയിട്ടുണ്ടോ;

(ഡി) കരിമണൽ ഖനനം സംബന്ധിച്ച് ഹൈക്കോടതി എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഇ) സർക്കാർ നടപടി സുതാര്യമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി, (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കരിമണൽ ഖനനത്തിന് സ്വകാര്യ കമ്പനിക്ക് ഇതുവരെ ഈ സർക്കാർ അനുമതിയൊന്നും നൽകിയിട്ടില്ല.

(ഡി) ബഹു. ഹൈക്കോടതിയുടെ തീരുമാനത്തിന് വിധേയമായി മാത്രമേ ഗവൺമെന്റ് ലൈസൻസ് നൽകാവൂ എന്ന് ഇടക്കാല ഉത്തരവ് ഉണ്ട.

(ഇ) സ്വകാര്യ മേഖലയിൽ ധാതുമണൽ ഖനനത്തിന് അനുമതി നൽകാൻ തീരുമാനമെടുത്തിട്ടില്ല. എന്നാൽ സംയുക്ത മേഖലയിൽ ധാതുമണൽ ഖനനവും മൂല്യ വർദ്ധിത വ്യവസായവും തുടങ്ങാൻ സഹായിക്കുന്ന മിനറൽ പോളിസി, സർക്കാർ ഇറക്കിയിട്ടുണ്ട്.

**<u>വ്യവസായ സഹകരണ സംഘങ്ങളെ പുനരിജ്ജീവിപ്പിക്കാൻ നടപടി</u>**

252. ശ്രീ. എം. മുരളി
ശ്രീ. പി.ജെ. ജോയി
ശ്രീമതി മാലേത്ത് സരളാദേവി
ശ്രീ. എം.എ. ചന്ദ്രശേഖരൻ
ശ്രീമതി രാധാ രാഘവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുടങ്ങിക്കിടക്കുന്ന വ്യവസായ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കാൻ എന്തെങ്കിലും പരിപാടിയുണ്ടോ;

(ബി) ഇവയുടെ നിശ്ചലാവസ്തയ്ക്ക് കാരണമെന്തെന്നും ഇവയെ എപ്രകാരം പുനരുജ്ജീവിപ്പിക്കാൻ കഴിയുമെന്നും മനസ്സിലാക്കുന്നതിന് പര്യപ്തമായ പഠനം നടത്തുമോ?

**<u>ഉത്തരം</u>**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി, (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

**(എ) ആന്റ് (ബി)- പല കാരണങ്ങളാൽ പ്രവർത്തനം നിലച്ചുപോയ വ്യവസായ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കാൻ സഹായകരമായ പ്രോജക്ട് തയ്യാറാക്കുന്നതിനുളള നടപടികൾ വ്യസായ വകുപ്പ് സ്വീകരിക്കുന്നുണ്ട്. കൂടാതെ ഇത്തരം**

**സഹകരണ സംബന്ധങ്ങൾ ആവശ്യപ്പെടുന്ന മുറയ്ക്ക് സാമ്പത്തികവും, സാങ്കേതികവുമായ സഹായങ്ങൾക്ക് ഒത്താശ ചെയ്തുകൊടുക്കുന്നുമുണ്ട്.**

**<u>ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് യാത്രാക്കപ്പലുകളുടെയും ചരക്കുകപ്പലുകളുടെയും സർവീസ് ആരംഭിക്കുന്നതിന് നടപടി</u>**

253. ശ്രീ. അടൂർ പ്രകാശ്
ശ്രീ. വി. ബാലറാം
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. ടി.വി. ചന്ദ്ര മോഹൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് യാത്രാക്കപ്പലുകളുടെയും ചരക്കുകപ്പലുകളുടെയും സർവീസ് ആരംഭിക്കുന്നതിനെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഇത്തരം സർവീസുകൾ ലാഭകരമായി നടത്താൻ കഴിയുമോ;

(സി) ഇത്തരം സർവീസുകളാരംഭിക്കുന്നതിനെപ്പറ്റി പഠനങ്ങളൊന്നും നടത്താത്തപക്ഷം അതിനുള്ള ഏർപ്പാടുണ്ടാക്കുമോ എന്ന് വ്യക്താമക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. എം.വി.രാഘവൻ (സഹകരണവും തുറമുഖവും വകുപ്പുമന്ത്രി)**

**(എ) ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ച് യാത്രാക്കപ്പൽ സർവീസ് ആരംഭിക്കുതിനെക്കുറിച്ചുള്ള സാദ്ധ്യതാപഠനം കേരളാ ഇൻഡസ്ട്രിയൽ കോർപ്പറേഷനും ചരക്കു ഗതാഗതം നടത്തുന്നതിനെക്കുറിച്ച് നാറ്റ്പാക് വഴിയും കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവഗേഷൻ ഡിപ്പാർട്ടും നടത്തിയിട്ടുണ്ട്.**

**(ബി) ഇപ്പോൾ പറയാൻ നിർവ്വാഹമില്ല. സർവീസ് നടത്തുന്ന മുറയ്ക്കേ ലാഭകരമാണോ എന്നറിയാൻ കഴിയൂ.**

**(സി) ചോദ്യം ഉദിക്കുന്നില്ല.**

<u>എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ റിപ്പോർട്ട്</u>

254.: ശ്രീ. പി. നാരായണൻ :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുമേഖലാ വ്യവസായ പുനഃസംഘടനക്കായി കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി പൊതുമേഖലാ വ്യവസായങ്ങളുടെ പുനഃസംഘടനക്കും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമായി സർക്കാരിന് റിപ്പോർട്ട് നല്കിയിട്ടുണ്ടോ ; പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങളും ശുപാർശകളും എന്താണെന്ന് വിശദമാക്കാമോ ?

(സി) നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് തൊഴിലാളി സംഘടനകൾ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത നിർദ്ദേശങ്ങൾ എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി പരിഗണിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) ഏതൊക്കെ വ്യവസായ യൂണിറ്റുകളാണ് അടച്ചുപൂട്ടണമെന്ന് കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളത് ; പ്രസ്തുത യൂണിറ്റുകളുടെ സർക്കാർ മുതൽമുടക്ക് എത്ര ?

(ഇ) ഏതൊക്കെ പൊതുമേഖലാ യൂണിറ്റുകളുടെ ഓഹരികളാണ് വില്പനക്ക് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ; ഈ യൂണിറ്റുകളുടെ മൊത്തം ആസ്തി കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

(എഫ്) പൊതുമേഖലാ വ്യവസായങ്ങളുടെ ഓഹരികൾ ഇതിനു മുമ്പ് സംസ്ഥാനത്ത് വിൽപന നടത്തുകയോ കൈമാറ്റം ചെയ്യുകയോ ഉണ്ടായിട്ടുണ്ടോ ദന്നു വിശദമാക്കാമോ ?

**<u>ഉത്തരം</u>**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി, (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ വാണിജ്യപരമായി മത്സര ക്ഷമതയുള്ളതാക്കത്തക്ക വിധത്തിൽ പുനരുദ്ധാരണ് പ്രവർത്നങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി രൂപികരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ വിശദമായ പഠന

നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി ഓരോ പൊതുമേഖലാ സ്ഥാപനത്തിന്റെയും നവീകരണത്തിൻമേൽ സർക്കാർ തീരുമാനമെടുക്കുന്നു. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മാസം തോറും അവലോകനം ചെയ്യുന്നതിനായി റിയാബിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ റിയാബിന്റെ സഹായത്തോടുകൂടി വ്യവസായ വകുപ്പു മന്ത്രിയും സെക്രട്ടറിമാരും നെരിട്ടു കമ്പനികളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ട്.

(ബി) ഓരോ പൊതുമേഖലാ സ്ഥാപനത്തെയും സംബന്ധിച്ച് പ്രത്യേകം റിപ്പോർട്ടുകളാണ് ഇ.ആർ.സി സമർപ്പലിക്കുന്നത്. കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന്റെ ഫോർമുലേഷൻ ഡിവിഷൻ, സീതാറാം ടെക്സ്റ്റൈൽസ് സ്പിന്നിംഗ് യൂണിറ്റ്, കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ യൂണിറ്റുകളായ എടരിക്കോട് ടെക്സ്റ്റൈൽസ്, പ്രഭുറാം മിൽസ്, കേരളാ സിറാമിക്സിന്റെ കാവോലിൻ ഡിവിഷൻ, ടെൽക്ക്, യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് എന്നിവ പൊതുമേഖലയിൽ നിലനിർത്താനും ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ്, കെരളാ സോപ്സ് ആന്റ് ഓയിൽസ്, കേരളാ സിറാമിക്സിന്റെ പോഴസലൈൻ ഡിവിഷൻ, കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഒരു യൂണിറ്റായ മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്, കേരള കൺസ്ട്രക്ഷൻ കമ്പോണന്റ്സ് എന്നിവ അടച്ചുപൂട്ടുന്നതിനും കെൽട്രോൺ കൗണ്ടേഴ്സ്, ആസ്ട്രൽ വാച്ചസ്, കെ.എസ്.ഡി.പി.യുടെ വൈറ്റമിൻ -എ ഡിവിഷൻ, കേരള സ്റ്റേറ്റ് സാലുസിലേറ്റ്സ് ആന്റ് കെമിക്കൽസ്, ആട്ടോകാസ്റ്റ്, കേരളാ സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ്, ട്രാവൻകൂർ പ്ളൈവുഡ് ഇൻഡസ്ട്രീസ്, കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽസ് കോർപ്പറേഷന്റെ കോട്ടയം ടെക്സ്റ്റൈയിൽസ് എന്നിവയിൽ സ്വകാര്യ പങ്കാളിത്തത്തോടെയുള്ള പുനരുദ്ധാരണവും, കേരളാ ഗാർമെന്റ്സ് ഒരു സഹകരണ സംഘം രൂപീകരിച്ച് കൈമാറാനുമാണ് ശുപാർശ ചെയ്തിട്ടുള്ളത്.

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ധനസഹായം അനുവദിക്കണമെന്ന നിവേദനങ്ങൾ തൊഴിലാളി യൂണിയനുകളിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഇ.ആർ.സി. ഓരോ കമ്പനിയേയും പഠന വിധേയമാക്കുമ്പോൾ ഈ നിവേദനങ്ങളും പരിശോധിച്ചു നടപടിയെടുക്കുന്നുണ്ട്. കൂടാതെ തൊഴിലാളി യൂണിയനുകളുമായി ചർച്ചകളും നടത്താറുണ്ട്.

(ഡി) ഇ.ആർ.സി. ശുപാർശ ചെയ്തിട്ടുള്ള ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസിൽ 772ഭ78 ലക്ഷം രൂപയും കേരളാ സോപ്സ് ആന്റ് ഓയിൽസിൽ 299.59 ലക്ഷം രൂപയും കേരളാ സിറാമിക്സിന്റെ പോഴ്സ്ലെൻ ഡിവിഷനിൽ 1215.68 ലക്ഷം രൂപയു, മലബാൽർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസിൽ 1863.19 ലക്ഷം രൂപയും കേരളാ കൺസ്ട്രക്ഷൻ കമ്പോണന്റ്സിൽ 100 ലക്ഷം രൂപയും മുതൽ മുടക്കിയിട്ടുണ്ട്. ഇതു കൂടാതെ വായ്പയായി ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസിന് 576.70 ലക്ഷം രൂപയും, കേരളാ സോപ്സ് ആന്റ് ഓയിൽസിന് 3268.92 ലക്ഷം രൂപയും കേരള സിറാമിക്സിന്റെ പോഴ്സ്ലെൻ ഡിവിഷന് ഇന്റർകോർപ്പറേറ്റ് ലോൺ ഉൾപ്പെടെ 439.68 ലക്ഷം രൂപയും മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസിന് 663.42 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. എന്നാൽ ഈ കമ്പനിളെല്ലാം തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നതും ആസ്തിയേക്കാൾ കൂടുതൽ ബാദ്ധ്യതയുള്ളതുമാണ്.

(ഇ) കെൽട്രോൺ കൗണ്ടേഴ്സ് കേരള സ്റ്റേറ്റ് സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസ്, കേരള സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ്, ട്രാവൻകൂർപ്ളൈവുഡ് ഇൻഡസ്ട്രീസ്, ആസ്ട്രൽ വാച്ചസ് എന്നിവയിലെ 100% ഓഹരികളാണ് കൈമാറുവാൻ തീരുമാനിച്ചിട്ടുള്ളത്.

**ഉടമകൾ തോട്ടം നടത്താൻ തയ്യാറാകാത്ത സാഹചര്യം**

255 ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീ. പി. സി.ജോർജ്ജ് :

ശ്രീ. പിരപ്പൻകോട് മുരളി :

ശ്രീ. കെ.വി.കുഞ്ഞുരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടങ്ങൾ നടത്താൻ ഉടമകൾ തയ്യാറാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉടമകൾ നടത്താൻ തയ്യാറല്ലാത്ത തോട്ടങ്ങൾ തൊഴിലാളി സഹകരണസംഘങ്ങളെ ഏൽപ്പിക്കണമെന്ന നിർദ്ദേശം പരിഗണിച്ചിട്ടുണ്ടോ ;

(സി) തോട്ടങ്ങൾ സംരക്ഷിച്ച് പ്രവർത്തിപ്പിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്.

(ഡി)ഏതെങ്കിലും തോട്ടം ഉടമ തോട്ടം വിൽക്കാൻ ശ്രമിക്കുന്നതായി വിവരം ലഭിച്ചിട്ടുണ്ടോ ;

(ഇ) മുഖ്യമന്ത്രി വിളിച്ചു ചേർത്ത തോട്ടം തൊഴിലാളി യൂണിയൻ പ്രതിനിധികളുടെ യോഗം ഈ കാര്യങ്ങളിൽ എന്തെങ്കിലും തീരുമാനം കൈകൊള്ളുകയുണ്ടായിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. ബാബു (തൊഴിൽ വകുപ്പുമന്ത്രി) :**

(എ) ഉണ്ട്. തേയിലയുടെ വിലക്കുറവുമൂലമുണ്ടായ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയും ഉല്പാദനത്തിലുണ്ടായ കുറവും സാർക്ക് രാജ്യങ്ങളിൽ നിന്നുമുള്ള തേയിലയുടെ ഇറക്കുമതിയും നിമിത്തം ചില തോട്ടങ്ങൾ തുടർന്നു നടത്തിക്കൊണ്ട് പോകാൻ നിവൃത്തിയില്ലാത്ത സാഹചര്യം നിലവിലുണ്ട്.

(ബി) ഇത്തരമൊരു നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. ഉടമകളും തൊഴിലാളി സംഘടനകളും സന്നദ്ധമായ വന്നാൽ പരിഗണിക്കാവുന്നതാണ്.

(സി) പ്രതിസന്ധിയിലായ തോട്ടങ്ങളിലെ തൊഴിലാളികൾക്കും ഉടമകൾക്കും ആശ്വാസം നൽകുന്നതിനും തോട്ടങ്ങളുടെ പ്രവർത്തനം പുനരാംരംഭിക്കുന്നതിനുമായി ബഹു.മുഖ്യമന്ത്രിയുടെ അ;ദ്ധയക്ഷതയിൽ കൊഴിലാളി പ്രതിനിധികളെയും തൊഴിലുടമാ പ്രതിനിധികളെയും ഉൾപ്പെടുത്തിക്കൊണ്ട് ചർച്ചകൾ നടത്തുകയുണ്ടായി. കേന്ദ്രതലത്തിൽ പരിഗണിക്കേണ്ട വിഷയങ്ങൾ കേന്ദ്ര സർക്കാരിന്റെ സജീവശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന തലത്തിലുള്ള പ്രശ്നങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ ഓരോ തോട്ടങ്ങളുടെയും പ്രശ്നങ്ങൾ വ്യത്യസ്തങ്ങളായതിനാൽ പ്രത്യേകമായി ചർച്ച ചെയ്ത് പരിഹരിക്കുന്നതിന് തൊഴിൽ വകുപ്പുമന്ത്രി നേരിട്ടും വകുപ്പുതലത്തിലും ഉടമാ പ്രതിനിധികളുമായും ട്രേഡ് യൂണിയൻ പ്രതിനിധികളുമായും ചല്ര്ച്ച നടത്തിവരുന്നു.

(ഡി) കൊച്ചിൻ മലബാർ എസ്റ്റേറ്റ് ആന്റ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ കീഴിൽ വരുന്ന തോട്ടങ്ങളുിലെ തൊഴിലാളികൾക്ക് കൊടുത്തു തീർക്കുവാനുള്ള കുടിശ്ശിക പണം വിതരണം ചെയ്യുന്നതിലേക്കായി അവരുടെ കോഴിക്കോട് ജില്ലിയിലുള്ള കിണലൂർ എസ്റ്റേറ്റ് വിൽക്കുവാൻ മാനേജുമെന്റ് അനുവാദം വാങ്ങിയിരുന്നു.

(ഇ) ബഹു.മുഖ്യമന്ത്രിയുടെ അദ്ധയക്ഷതയിൽ 21.06.2003 ൽ പ്ളാന്റേഷൻ സ്റ്റാന്റിംഗ് കമ്മിറ്റിയോഗം ചേരുകയുണ്ടായി. തോട്ടം തുറന്നു പ്രവർത്തിപ്പിക്കാൻ സഹായകരമായ രീതിയിൽ തേയില, കാപ്പിത്തോട്ടങ്ങൾക്ക് 2003-04 ൽ പ്ളാന്റേഷൻ നികുതി ഇളവു ചെയ്യാൻ തീരുമാനിച്ചു. പ്ളാന്റേഷൻ മേഖലയുടെ മറ്റു പ്രശ്നങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുണ്ട്. സംസ്ഥാന തലത്തിൽ പരിഗണിയ്ക്കേണ്ട കാര്യങ്ങൾ സജീവമായി പരിഗണിച്ചുവരുന്നു.

## കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലെ കാന്റീനുകൾ

256. ശ്രീ. എ. സുജനപാൽ :
ശ്രീ. ഇ. എ.അഗസ്തി :
ശ്രീ. കെ. സി.ജോസഫ് :
ശ്രീ കെ .എ.ചന്ദ്രൻ :
ശ്രീ. ടി. യു.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലുള്ള ക്യാന്റീനുകൾ വാടകയ്ക്ക് കൊടുക്കുന്നത് എന്തെല്ലാം വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ;

(ബി) ഈ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്താൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

(സി) ക്യാന്റീനുകളിൽനിന്നും നൽകുന്ന ഭക്ഷണസാധനങ്ങൾ ഭക്ഷ്യ യോഗ്യമാണെന്ന് ഉറപ്പു വരുത്താറുണ്ടോ ?

**ഉത്തരം**

**ശ്രീ. ആർ. ബാലകൃഷ്ണപിളള(ഗതാഗതവകുപ്പുമന്ത്രി)**

(എ) കാന്റീൻ നടത്താൻ താൽപ്പര്യമുള്ള വ്യക്തികൾ കോർപ്പറേഷന്റെ പരസ്യങ്ങൾക്ക് അനുബന്ധമായി സമർപ്പിക്കുന്ന മത്സര ബുദ്ധിയോടെയുള്ള ടെൻഡറുകളിൽ നിന്നും ഏറ്റവും കൂടുതൽ തുക ഖോർപ്പറേഷന് വാഗ്ദാനം ചെയ്യുന്ന വ്യക്തിയെ തിരഞ്ഞെടുത്താണ് നടത്തിപ്പിനുള്ള കരാർ നൽകുന്നത്. ഇതിനു പുറമേ കാന്റീൻ കെട്ടിടത്തിന് നിശ്ചയിക്കുന്ന വാടക, ഇലക്ട്രിസിറ്റി ചാർജ്, വാട്ടർ ചാർജ് എന്നിവയും അവർ തന്നെ നൽകണം.

(ബി) ഉണ്ട്.

(സി) ഉണ്ട്.

## ജൈവ വൈവിദ്ധ്യം പ്രയോജനപ്പെടുത്തി വ്യവസായ വികസനത്തിന് നടപടി

257. ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴിക്കാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ ജൈവ വൈവിദ്ധ്യം പ്രയോജനപ്പെടുത്തി വ്യവസായ വികസനം കൊണ്ടുവരാൻ പദ്ധതിയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ടോ ;

(സി) പ്രകൃതിയുടെ വരദാനമായ പച്ച മരുന്നുകളുെയും സുഗന്ധ സസ്യങ്ങളുടെയും അപൂർവ്വ ശേഖരം പ്രയോജനപ്പെടുത്തി വ്യവസായ വികസനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി, (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി) കേരളത്തിൽ ജൈവവൈവിധ്യം പരമാവധി പ്രയോജനപ്പെടുത്തി ബയോടെക്നോളജി മേഖലയുടെ വികസനത്തിനും, ഈമേഖലയിൽ നിക്ഷേപം തൊഴിൽ സാദ്ധ്യത എന്നിവ വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി 31.03.2003 ലെ സർക്കാർ ഉത്തരവ് നമ്പർജി.ഒ.(എം.എസ്) 42/2003/വ്യവ. പ്രകാരം ശ്രീ. രാജീവ് വാസുദേവനെ ബയോടെക്നോളജി സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട.

ഖേരളത്തിൽ തനത് ജൈവ സമ്പത്ത് നിലനിർത്തിക്കൊണ്ടുതന്നെ ബയോടെക്നോളജി മേഖലയിലെ വ്യവസായ വികസനം എങ്ങിനെ നടപ്പിലാക്കാമെന്നതിനെ അടിസ്ഥാനപ്പെടുത്തി വിവിധ വകുപ്പുകളുമായി സ്പെഷ്യൽ ഓഫിസർ ചർച്ചകൾ നടത്തിവരികയാണ്. ചർച്ചകൾ പ്രാരംഭ ഘട്ടത്തിലാണ്.

ഈ രംഗത്ത് വ്യവസായ സ്പോൺസർ ചെയ്യുന്ന ഗവേഷണഫലങ്ങൾ ഗവേഷണ സ്ഥാപനങ്ങളിൽ എത്തിക്കുന്നതിനും മറിച്ച് വ്യവസായ മേഖലയ്ക്ക് ആവശയമായ ഗവേഷണഫലങ്ങൾ ഗവേഷണസ്ഥാപനങ്ങളിൽ നിന്നും ്യവസായ മേഖലയ്ക്ക് എത്തിക്കുന്നതിനും വേണ്ടിയുള്ള ശ്രമങ്ങൾ സ്പെഷ്യൽ ഓഫീസർ തുടങ്ങിക്കഴിഞ്ഞു.

കൂടാതെ ബയോ ടെക്നോളജി പാർക്കുകൾ തിരുവനന്തപുരത്തും കൊച്ചിയിലും കിൻഫ്രയുടെ ആഭിമുഖ്യത്തിൽ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുവേണ്ടി തയ്യാറാക്കിയ പദ്ധതി കേന്ദ്ര ഗവൺമെന്റിന്റേ പരിഗണനയിലാണ്.

നിർദ്ദിഷ്ട പാർക്കുകളിൽ വ്യവസായികളെ കൊണ്ടുവരാൻ കിൻഫ്ര നടപടികളെടുത്തുവരുന്നു. ന്ഇതിന്റെ ഭാഗമായി കിൻഫ്രയുടെ ആഭിമുഖ്യത്തിൽ ബയോടെക്നോളജി മേഖലയിലെ ദേശീയ തലത്തിലും പ്രദേശിക തലത്തിലുമുള്ള ബന്ധപ്പെട്ട വ്യക്തികളുമായി ചർച്ചകൾ നടന്നുവരുന്നു.

(സി) കേരളത്തിന്റെ തനതായ പച്ചമരുന്നുകളുടെയും സുഗന്ധസസ്യങ്ങളുടെയും ശേഖരം പരമാവധി പ്രയോജനപ്പെടുത്തി വ്യവസായ വികസനം ത്വരിതപ്പെടുത്താനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ഇതിനുവേണ്ടിയുള്ള ചർച്ചകൾ പുരോഗമിച്ചുവരുന്നു.

പച്ചമരുന്നുകളേയും സുഗന്ധ സസ്യങ്ങളേയും സംരക്ഷിക്കുന്നതിനും നിലനിർത്തികയും ചെയ്യുന്നതിനുവേണ്ടി ഒരു ഹെർബൽ വില്ലേജ് കിൻഫ്രയുടെ ആഭിമുഖ്യത്തിൽ സ്ഥാപിക്കാൻ പദ്ധതിയുണ്ട. ഇതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു.

**<u>സഹകരണ ബാങ്കുകളിലെ നിക്ഷേപകരുടെ താത്പര്യം സംരക്ഷിക്കുവാൻ നടപടി</u>**

258; ശ്രീ. സി.പി. മുഹമ്മദ്
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. വർക്കല കഹാർ
ശ്രീ. എം.എ. ചന്ദ്രശേഖരൻ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള സഹകരണ സ്ഥാപനങ്ങളിൽ ആകെയുള്ള സ്ഥിരനിക്ഷേപം എത്രയാണ് ;

(ബി) സഹകരണ ബാങ്കുകളിലെ നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) സഹകരണ ബാങ്കുകളിൽ ഒരു വർഷത്തിലധികം ദൈർഘ്യമുള്ള സ്ഥിര നിക്ഷപങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുവാൻ ഉദ്ദേശമുണ്ടോ ?

**ഉത്തരം**

**ശ്രീ. എം.വി.രാഘവൻ (സഹകരണവും തുറമുഖവും വകുപ്പുമന്ത്രി)**

(എ) 10386.61 കോടി രൂപ

(ബി) സഹകരണ ബാങ്കുകളിലെ നിക്ഷേപകരുടെ താത്പ്പര്യം സംരക്ഷിക്കുവാൻ ഡെപ്പോസിറ്റ് ഗ്യാരണ്ടി സ്കീം, ഡെപ്പോസിറ്റ് ഇൻഷറൻസ് ആന്റ് ക്രെഡിറ്റ് ഗ്യാരണ്ടി കോർപ്പറേഷന്റെ ഇൻഷുറൻസ് പരിരക്ഷ എന്നിവ ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

(സി) സഹകരണ ബാങ്കുകളിൽ ഒരു വർഷത്തിലധികം ദൈർഘ്യമുള്ള സ്ഥിര നിക്ഷേപങ്ങൾക്ക് പരിരക്ഷ ഏർപ്പെടുത്താൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. കേരളത്തിലെ സഹകരണ മേഖലയിൽ ഇൻഷുറൻസ് പദ്ധതികൾ നടപ്പിലാക്കുക എന്ന ഉദ്ദേശത്തോടുകൂടി രൂപീകരിച്ചിട്ടുള്ള കോ-ഓപ്പറേറ്റീവ് ഇൻഷൂറൻസ് സൊസൈറ്റി (കോയിൻസ് )യുടെ ആഭിമുഖ്യത്തിൽ

സ്ഥിരനിക്ഷേപങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിച്ചുവരുന്നു.

## നോൺ റസിഡന്റ് കേരളീയർ മുതൽമുടക്കിന് തയ്യാറായ മേഖലകൾ

259. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ. എൻ.ഡി.സുഗതൻ :
ശ്രീ. എം.കെ.പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോൺ റസിഡന്റ് കേരളീയർ ഏതെല്ലാം മേഖലകളിൽ മുതൽ മുടക്കിന് തയാറായി വന്നിട്ടുണ്ട് ;

(ബി) ഈ ഓരോ മേഖലകളിലും അവർ എന്തു തുക വീതം മുതൽ മുടക്കാൻ തയ്യാറാായിട്ടുണ്ട് ;

(സി) അവരുടെ സംരംഭങ്ങൾ എപ്പോൾ ഫലപ്രാപ്തിയിൽ എത്തുമെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത സംരംഭങ്ങൾക്ക് എന്തെല്ലാം സൗജന്യങ്ങളും ആനുകൂല്യങ്ങളും നല്കാനുദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്താമോ ?

**ഉത്തരം**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി, (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി):**

(എ) ഇതു സംബന്ധിച്ച്, കെ.എസ്,ഐ.ഡി.സി. ബോർഡ് നിക്ഷേപ തീരുമാനമെടുത്ത് നടപ്പാക്കി വരുന്ന പദ്ധതികളുടെയും ജിമ്മിൽ ധാരാണാപത്രങ്ങൾ ഒപ്പുവച്ച പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ബി) ഓരോമേഖലയിലുമുണ്ടാകാവുന്ന നിക്ഷേപം താഴെപ്പറയുന്നു.

| മേഖല | ആകെ തുക (രൂപ. കോടി) |
|---|---|
| വിനോദസഞ്ചാരം | 296.89 |
| സേവനം | 535.00 |
| ആരോഗ്യം | 719.00 |
| ധാതുക്കൾ | 280.00 |
| ഉല്പാദനം | 11.50 |
| ഗതാഗതം | 24.20 |
| രാസവസ്തുക്കൾ | 83.00 |
| റബ്ബർ | 31.94 |
| തടി | 4.55 |
| ഐ.റ്റി | 19.85 |
| ആകെ | 2005.93 കോടി രൂപ |

(സി) പദ്ധതികൾ ഫലപ്രാപ്തിയിലെത്തുന്നത് ഓരോ സംരംഭത്തിന്റെയും പ്രത്യേകതയും സംരംഭകരുടെ കഴിവുമനുസരിച്ചായിരിക്കും എന്നതിനാൽ കൃത്യമായി പറയാനാവില്ല.

(ഡി) സർക്കാരിന്റെ വ്യവസായ നയമനുസരിച്ചുളള എല്ലാവിധ ആനുകൂല്യങ്ങളും നൽകുന്നതാണ്.

## പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വി. അആർ. എസ്.

260 ശ്രീ. ഇ.എം.അഗസ്തി :
ശ്രീ. ടി.എൻ.പ്രതാപൻ :
ശ്രീ. വി.ഡി.സതീശൻ :
ശ്രീ. എ.സുജനപാൽ :
ശ്രീ.കെ.എ.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വി.ആർ.എസ്. നൽകുവാൻ ഉദ്ദേശമുണ്ടോ ?

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയനുസരിച്ച് പൊതുമേഖലാ സ്ഥാപനത്തിലെ ജീവനക്കാർക്ക് വി.ആർ.എസ്.ആനുകൂല്യം നേടി പുറത്ത് പോകുവാനുളള അവകാശം ലഭിക്കുമോ

(സി) വി.ആർ.എസ്. ആനുകൂല്യം ആവശ്യപ്പെട്ട പൊതുമേഖലയിലെ എത്ര ജീവനക്കാർക്ക് ഇനിയും വി.ആർ.എസ്.ആനുകൂല്യം കൊടുക്കുവാൻ ബാക്കിയുണ്ട് എന്ന് വെളിപ്പെടുത്താമോ? .

**ഉത്തരം**

**ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി) :**

(എ) & (ബി) ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിക്കപ്പെട്ട എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി സമർപ്പിക്കുന്ന പുനരുദ്ധാരണ നിർദ്ദേശങ്ങൾ പഠിച്ച ശേഷം ആവശ്യമെങ്കിൽ അധികമുളള ജീവനക്കാർക്ക് വി.ആർ.എസ്. നടപ്പിലാക്കുന്നതാണ്.

(സി) തിരുവനന്തപുരം സ്പിന്നിംഗ് മില്ലിൽ 238 ജീവനക്കാരും കേരളാ സോപ്സ് ആന്റ് ഓയിൽസിൽ 226 ജീവനക്കാരും കെൽട്രോൺ കൗണ്ടേഴ്സിൽ 138 ജീവനക്കാരും ആട്ടോ കാസ്റ്റിൽ 100 ജീവനക്കാരും അസ്ട്രൽ വാച്ചസിൽ 77 ജീവനക്കാരുമാണ് വി.ആർ.എസിന് അപേക്ഷിച്ചിരിക്കുന്നത്. ഇതിലേക്കായി തിരുവനന്തപുരം സ്പിന്നിംഗ് മില്ലിന് ആവശ്യമായ 396.47 ലക്ഷം രൂപയിൽ 300 ലക്ഷം രൂപ ഇതിനോടകം അനുവദിച്ചിട്ടുണ്ട്. കൂടാതെ കെൽട്രോൺ കൗണ്ടേഴ്സിന് 686.75 ലക്ഷം രൂപയും, കേരളാ സോപ്സ് ആന്റ് ഓയിൽസിന് 567 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ബാക്കിയുളള സ്ഥാപനങ്ങളുടെ പ്രൊപ്പോസൽ പരിഗണനയിലാണ്.

## ചെറുകിട തുറമുഖങ്ങളിലെ മണൽ നീക്കുവാൻ നടപടി

261 ശ്രീ. പി.ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട തുറമുഖങ്ങളിൽ മണ്ണടിയുന്നത് മൂലം അവയുടെ പ്രവർത്തനത്തിന് എന്തെങ്കിലും ന്യൂനത അനുഭവപ്പെടുന്നുണ്ടോ ;

(ബി) ചെറുകിട തുറമുഖങ്ങളിലെ മണൽ നീക്കുവാൻ എന്തെല്ലാം ഏർപ്പാടുകൾ ചെയ്യാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. എം.വി.രാഘവൻ (സഹകരണവും തുറമുഖവും വകുപ്പുമന്ത്രി) :**

(എ) ഉണ്ട്.

(ബി) ഈ കാലവർഷം കഴിഞ്ഞാലുടൻ അഴീക്കൽ തുറമുഖത്തെ അഴിമുഖവും ചാനലും റ്റി.എസ്.ഡി സിന്ദുരാജ് എന്ന മണ്ണുമാന്തിക്കപ്പൽ ഉപയോഗിച്ച് മണ്ണു മാന്തൽ പ്രവർത്തനം നടത്താൻ ഉദ്ദേശിക്കുന്നു.അത് കഴിഞ്ഞാലുടൻ ബേപ്പൂർ തുറമുഖ വാർഫും ചാനലും ഇതേ മണ്ണുമാന്തിക്കപ്പൽ ഉപയോഗിച്ചുതന്നെ മണ്ണ് നീക്കം ചെയ്തു അവിടുത്തെ ചരക്കു ഗതാഗതം സുഗമമാക്കുവാൻ ഉദ്ദേശിക്കുന്നു.

## കൺസ്യൂമർ ഫെഡിന്റെ മദ്യ വിപണനം

262 ശ്രീ. കെ.ബാബു :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ.കെ. മുഹമ്മദാലി:

ശ്രീ. എം.മുരളി :

ശ്രീ.വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്സ്യൂമർ ഫെഡ് മദ്യ വിപണനത്തിൽ ഏർപ്പെട്ടിട്ട് എത്ര കാലമായി ;

(ബി) മദ്യ വിപണനം കൺസ്യൂമർ ഫെഡിന് ലാഭമാണോ നഷ്ടമാണോ വരുത്തിയിട്ടുളളത് ; എങ്കിൽ എത്ര ;

(സി) മദ്യ വിപണനം കൺസ്യൂമർ ഫെഡിന് നഷ്ടം വരുത്തയിട്ടുളളപക്ഷം അതിനുളള കാരണമെന്ത് എന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. എം.വി.രാഘവൻ (സഹകരണവും തുറമുഖവും വകുപ്പുമന്ത്രി) :**

(എ) രണ്ടു വർഷം

(ബി) നഷ്ടം 16.1 കോടി രൂപ.

(സി)

1. ഭാരിച്ച കിസ്തു തുക ഈടാക്കുന്നതാണ്.
2. ആവശ്യത്തിലധികം അബ്കാരി തൊഴിലാളികളെ വിദേശ മദ്യ വില്പന ശാലകളിൽ നിയമിക്കേണ്ടി വന്നത്.
3. ബിവറേജസ് കോർപ്പറേഷൻ പുതുതായി ചില്ലറ വില്പന ശാലകൾ കൺസ്യൂമർ ഫെഡിന്റെ വില്പന ശാലകൾക്കടുത്തു തന്നെ തുടങ്ങിയത്.
4. കണ്സ്യൂമർ ഫെഡിന് വില്പനയിൽ ഈടാക്കാവുന്ന 20% ്ധികവിലയിൽ (മാർജിൻ) 13.65 % കിസ്തായും, 6% ടേൺ ഓവർ ടാക്സായും സർക്കാരിന് നൽകേണ്ടി വരുന്നതിനാൽ ബാക്കി സകല ചെലവുകൾക്കുമായി 0.5% ൽ താഴെ മാത്രം ഫെഡറേഷന് ലഭിക്കുന്ന സാഹചര്യം നിലവിലുളളത്.

5. കണ്സ്യൂമർ ഫെഡിന് വിദേശ മദ്യം നല്കുന്ന സംസ്ഥാന ബിവറേജസ് കോർപ്പറേഷന് 45 ദിവസം മുതൽ 90 ദിവസം വരെ ഉൽപ്പാദകർ കടം നൽകുമ്പോൾ, ബിവറേജസ് കോർപ്പറേഷനിൽ നിന്ന് കൺസ്യൂമർ ഫെഡറേഷൻ മുൻകൂർ വില നല്കി വിദേശ മദ്യം വാങ്ങേണ്ടി വരുന്നത്.
6. ചാരായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളിൽ കൺസ്യൂമർ ഫെഡിൽ പുനരധിവസിപ്പിക്കപ്പെട്ടവർക്ക് നല്കുന്ന ശമ്പളത്തിന്റെ 15% പ്രസ്തുത ക്ഷേമനിധി ബോർഡിന് ലെവിയായി നൽകേണ്ടി വരുന്നത്.
7. 2002 ജൂലായ് മുതൽ 2002 ഡിസംബർ വരെ കിസ്ത് തുക മുൻകൂർ അടക്കേണ്ടി വന്നതിനാൽ ഏകദേശം 8 കോടി രൂപ ആ ഇനത്തിൽ നേരത്തെ നല്കേണ്ടി വരികയും കടം വാങ്ങിയ തുക കൊണ്ട് നടത്തുന്ന വിദേശമദ്യ ബിസിനസ്സിനെ ബാധിക്കുകയും ചെയ്തു.
8. ബിവറേജസ് കോർപ്പറേഷൻ വർദ്ധിപ്പിച്ച നിരക്കിൽ കണ്സ്യൂമർ ഫെഡിലെ അബ്കാരി തൊഴിലാളികളുടേയും ശമ്പളം വർദ്ധിപ്പിക്കേണ്ടി വന്നു തുടങ്ങിയവയാണ് കാരണങ്ങൾ.

## വ്യവസായ സംരംഭങ്ങൾക്ക് ഗവണ്മെന്റ് നല്കുന്ന സഹായങ്ങൾ

263. ശ്രീ. കെ. എൻ. എ.ഖാദർ :
ശ്രീ. യു .സി. രാമൻ :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭങ്ങൾക്ക് നൽകുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ;

(ബി) ഈ ഗവണ്മെൻറ് അധികാരത്തിൽ വന്ന ശേഷം എത്ര പേർക്ക് ഇത്തരം സഹായം നൽകി;

(സി) പുതുതായി എന്തെങ്കിലും സഹായങ്ങളോ ഇളവുകളോ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

**ഉത്തരം**

**ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി):-**

(എ)

1. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പ്രോജക്ടുകൾ തെരഞ്ഞെടുക്കുന്നതിനും പ്രോജക്ടു റിപ്പോർട്ടു തയ്യാറാക്കുന്നതിനും ആവശ്യമായ വിവരം നൽകുന്നു.
2. വ്യവസായ സംരംഭകത്വ പരിശീലനം, ടെക്നോളജി ക്ളിനിക്കുകൾ ഇവ സംഘടിപ്പിക്കുന്നു.
3. പ്രോജക്ടു റിപ്പോർട്ടുകൾ പരിശോധിച്ച് വായ്പ അനുവദിക്കുന്നതിനായി ധനകാര്യ സ്ഥാപനങ്ങൾക്ക് ശുപാർശ ചെയ്യുന്നു.
4. വ്യവസായം തുടങ്ങുന്നതിനാവശ്യമായ ലൈസൻസുകൾ പെർമിറ്റുകൾ എന്നിവ ലഭിക്കുന്നതിന് ഏകജാലക ക്ലിയറൻസ്-ഗ്രീൻ ചാനൽ ക്ലിയറൻസ് സൗകര്യം ലഭ്യമാക്കുന്നു.
5. ധനകാര്യ സ്ഥാപനങ്ങൾ വായ്പ അനുവദിക്കുമ്പോൾ സംരംഭകന്റെ നിക്ഷേപമായി നിഷ്കർഷിക്കുന്ന തുകയുടെ ഒരു ഭാഗം മാർജിൻ മണി വായ്പയായി അനുവദിക്കുന്നു.
6. വ്യവസായ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ച ശേഷം മൂലധന നിക്ഷേപത്തിന്റെ നിശ്ചിത ശതമാനം തുക നിക്ഷേപ സബ്സിഡിയായി നല്കുന്നു.
7. ഉല്പന്നങ്ങളുടെ വിപണനത്തിനുവേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുന്നു. പൊതുസേവന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും സഹായങ്ങൾ ചെയ്തുകൊടുക്കുന്നു.
8. വ്യവസായ സഹകരണസംഘങ്ങൾക്ക് ഓഹരി പങ്കാളിത്തവും ധനസഹായവും നൽകുന്നു.
9. അടിസ്ഥാന സൗകര്യവികസനത്തിനായി വികസന പ്ലോട്ടുകളിലും വികസന പ്രവർത്തനങ്ങൾ നടത്തുന്നു. മാത്രമല്ല മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് ഭൂമി നൽകുന്നു.

10. സാങ്കേതിക വിദ്യാ ഇൻകുബേഷൻ കേന്ദ്രങ്ങൾ സ്ഥാപിച്ച് ഭക്ഷ്യ സംസ്കരണം, ഇലക്ട്രോണിക്സ് സാങ്കേതിക വിദ്യ മുതലായ പുരോഗമന മേഖലകളിൽ വേണ്ട സഹായം നല്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 3194 ചെറുകിട വ്യവസായ യൂണിറ്റുകൾക്കും, 42 വൻകിട വ്യവസായ യൂണിറ്റുകൾക്കും മൂലധന നിക്ഷേപ സബ്സിഡി നല്കുകയുണ്ടായി. മാത്രമല്ല 803 ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് വിത്ത് മൂലധന വായ്പയും 28 വ്യവസായ സഹകരണ സംഘങ്ങൾക്ക് ഓഹരി പങ്കാളിത്തവും 41 വ്യവസായ സഹകരണ സംഘങ്ങൾക്ക് ധനസഹായവും ലഭിക്കുകയുണ്ടായി.

(സി) താഴെ പറയുന്ന ചില പദ്ധതികൾക്ക് തുടക്കമിട്ടിട്ടുണ്ട്:

1. വ്യവസായ സമുച്ചയ പദ്ധതി
2. വിപണന പദ്ധതി
3. വിപണന പ്രചോദനം
4. മാർജിൻ മണി / സീഡ് കാപ്പിറ്റൽ ലോൺ എന്നിവ വാങ്ങി കുടിശ്ശിക വരുത്തിയ വ്യവസായങ്ങൾക്ക് സഹായമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.

## <u>പരിയാരം മെഡിക്കൽ കോളേജിന്റെ വികസനം</u>

264. ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. സി. പി.മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിയാരം മെഡിക്കൽ കോളേജ് ഒരു മികച്ച സ്ഥാപനമാക്കി തീർക്കുന്നതിന് എന്തെല്ലാം നടപടികളെടുക്കാനുദ്ദേശിക്കുന്നു ;

(ബി) ഇതിനായി എന്ത് ചെലവ് വരുമെന്ന് പറയാമോ ; ഈ സ്ഥാപനത്തിൽ ശസ്ത്രക്രിയക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

**<u>ഉത്തരം</u>**

**ശ്രീ. എം.വി.രാഘവൻ (സഹകരണവും തുറമുഖവും വകുപ്പു മന്ത്രി ) :**

(എ)

1. ആധുനിക ചികിത്സാരംഗത്തെ മുഴുവൻ സ്പെഷ്യാലിറ്റി സൗകര്യങ്ങളും ഒരുക്കിക്കൊണ്ട് കുറഞ്ഞ നിരക്കിൽ ചികിത്സ ലഭ്യമാക്കുക.
2. ഇതിനകം ഒരുക്കിക്കഴിഞ്ഞ സി.ടി. സ്കാൻ, കോബാൾട്ട് തെറാപ്പി, ഡയാലിസിസ് മെഷീൻ, എന്നിവക്ക് പുറമേ എം.ആർ.ഐ സ്കാനിംഗ് അടക്കമുള്ള അത്യാധുനിക ഉപകരണങ്ങൾ കൂടി ഒരുക്കാൻ ഉദ്ദേശിക്കുന്നു.
3. പതിനാറ് ഓപ്പറേഷൻ തിയ്യേറ്ററുകൾ അടങ്ങുന്ന തീയേറ്റർ സമുച്ചയത്തിൽ എല്ലാത്തരം ശസ്ത്രക്രിയകളും ചെയ്യുവാനുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊണ്ടിരിക്കുകയാണ്.
4. വിദഗ്ദ്ധരായ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കി വരുന്നു.
5. ഹൃദ്രോഗ ചികിത്സക്കാവശ്യമായ ആവശ്യമായ ആധുനിക ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്.
6. കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, പൊതുമേഖലാ ജീവനക്കാർ എന്നിവർക്ക് ചികിത്സാസൗകര്യങ്ങൾ ലഭ്യമാക്കുകയും ചികിത്സകൾക്ക് പരിയാരം മെഡിക്കൽ കോളേജിനെ അംഗീകരിക്കാൻ വേണ്ട നടപടികൾ കൈകൊള്ളുകയും ചെയ്യുക തുടങ്ങിയവയാണ്.

(ബി) മെഡിക്കൽ കോളേജിനാവശ്യമായ കെട്ടിടത്തിനും, ഉപകരണങ്ങൾക്കുമായി ഏകദേശം 130 കോടിയോളം ചെലവഴിച്ചു കഴിഞ്ഞു. നിലവിൽ ഏഴു തിയേറ്ററുകൾ ആശുപത്രിയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതോടൊപ്പം പതിനാറ് ഓപ്പറേഷൻ തിയേറ്ററുകൾ അടങ്ങുന്ന തിയേറ്റർ സമുച്ചയത്തിന്റെ പണി ഏതാണ്ട് പൂർത്തിയായി വരുന്നു. ഹൃദയ ശസ്ത്രക്രിയകൾക്ക് പൂർണ്ണമായി സജ്ജീകരിച്ച നാല് ഓപ്പറേഷൻ തിയേറ്ററുകൾ □സഹകരണ ഹൃദയാലയ□ എന്ന പേരിൽ വേറെയും ഒരുക്കിക്കഴിഞ്ഞു. നേഴ്സിംഗ് കോളേജ്, നേഴ്സിംഗ് സ്കൂൾ, ഫാർമസി കോളേജ്, ഡന്റൽ കോളേജ് എന്നിവക്കുള്ള കെട്ടിടങ്ങൾ നിർമ്മിക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ആയതിന് 20 കോടിയോളം ചിലവ് വരും.

## <u>വാഹനങ്ങളിൽ നിന്ന് വമിക്കപ്പെടുന്ന പുക മലിനീകരണം തടയാൻ നടപടി</u>

265 ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിരത്തുകളിൽക്കൂടി ഓടുന്ന സർക്കാർ/സ്വകാര്യ ബസ്സുകളിൽ നിന്നും വമിക്കപ്പെടുന്ന പുക അന്തരീക്ഷത്തിൽ ഉണ്ടാക്കുന്ന മലിനീകരണം എത്രത്തോളമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) കെ.എസ്.ആർ.ടി.സി. ബസ്സുകൾ യഥാസമയം പുക പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടോ ;

(സി) സ്വകാര്യ ബസ്സുകളിലെ പുക പരിശോധന സർട്ടിഫിക്കറ്റ് യഥാസമയം പുതുക്കുന്നുണ്ടോ എന്ന് കർശനമായി പരിശോധിക്കുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത പരിശോധനയ്ക്കുള്ള നടപടികൾ അടിയന്തിരമായി കൈക്കൊള്ളുമോ ;

(ഇ) സംസ്ഥാനത്ത് ഓടുന്ന സർക്കാർ/സ്വകാര്യ ബസ്സുകളിൽ കാലപ്പഴക്കം ചെന്നവയെ നിരത്തുകളിൽ നിന്നും പൂർണ്ണമായി ഒഴിവാക്കുന്നതിന് സർക്കാർ തയ്യാറാകുമോ ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ ?

<u>ഉത്തരം</u>

ശ്രീ. ആർ. ബാലകൃഷ്ണപിളള (ഗതാഗത വകുപ്പുമന്ത്രി)

(എ) വാഹനങ്ങളിൽ നിന്നും വമിക്കപ്പെടുന്ന പുക അന്തരീക്ഷത്തിൽ ഉണ്ടാക്കുന്ന മലിനീകരണം എത്രത്തോളമാണന്ന് വിലയിരുത്താനുളള സംവിധാനം മോക്കോർ വകുപ്പിനില്ല.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) സ്ശ്ഥാനത്ത് ഓടുന്ന സർക്കാർ/സ്വകാര്യ ബസ്സുകളിൽ കാ.ലപ്പഴക്കം ചെക്കവയെ നിരത്തുകളിൽ നിന്നും ഒഴിവാക്കാനുളള നടപടി ആരംഭിച്ചുകഴിഞ്ഞഉ. 20.03.2001 ൽ കൂടുിയ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി യോഗത്തിൽ കേരളത്തിൽ സർവീസ് നടത്തുന്ന രജിസ്ട്രേഷൻ തീയതിമുതൽ 15 വർഷം പൂർത്തിയായാൽ മാറ്റണമെന്ന് പെർമിറ്റ് വ്യവസ്ഥ ചെയ്യുവാനും റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾക്ക് നിർദ്ദേശം നൽകുവാനും തീരുമാനിക്കുകയുണ്ടായി. അതനുസരിച്ച് സംസ്ഥാനത്തെ വിവിധ റിജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾ യോഗം കൂടി അതതു ജില്ലകളിൽ നിന്നും 15 വർഷം തികഞ്ഞ ബസ്സുകൾ പിൻവലിക്കേണ്ട തീയതികൾ തീരുമാനിക്കുകയും ചെയ്തു. ഈ തിരുമാനത്തിനെതിരെ സമർപ്പിക്കപ്പെട്ട ഹർജിയിൽ കേരള ഹൈക്കോടതി നിലവിലുള്ള ബസ്സുടമകൾക്ക് ഇപ്രകാരമുള്ള ബസ്സുകൾ മാറ്റുന്നതിന് രണ്ടുവർഷം അനുവദിക്കുന്നതിന് ഉത്തരവായി. അതിനുശേഷം ആറുമാസംകൂടി സർക്കാർ അനുവദിക്കുകയുണ്ടായി. കാലപ്പഴക്കം ചെന്ന സ്റ്റേജ് കൃരേജുകൾ യാത്രക്കാരുടെ ജീവന് ഭീഷണിയായതിനാലാണ് അവ മാറ്റണമെന്ന തീരുമാനം ബന്ധപ്പെട്ട ആർ.ടി.എ.കൾ എടുത്തത്.

## <u>കൈത്തറി തൊഴിലാളികളുടെ കൂലിയും ആനുകൂല്യങ്ങളും ഏകീകരിക്കാൻ നടപടി</u>

266. ശ്രീ.. കെ. മോഹൻ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി തൊഴിലാളികളുടെ കൂലിയും ആനുകൂല്യങ്ങളും ദേശീയതലത്തിൽ ഏകീകരിക്കാൻ നടപടികളായിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള നിർദ്ദേശം അവതരിപ്പിക്കുമോ ;

(സി) വിലകുറഞ്ഞ തമിഴ്നാട് കൈത്തറി തുണിത്തരങ്ങൾ ക്രമാധീതമായി കൊണ്ടുവന്ന് റിബേറ്റ് ആനുകൂല്യങ്ങൾ കരസ്ഥമാക്കുന്നതിനാൽ കേരളത്തിലെ കൈത്തറി ഉല്പ്പന്നങ്ങളുടെ മാർക്കറ്റ് നഷ്ടപ്പെടുന്നത് പരിഹരിക്കാൻ എന്തല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ രംഗത്ത് തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികൾക്ക് പ്രത്യക്ഷമായി പ്രയോജനം ചെയ്യുന്ന പദ്ധതികൾക്ക് രൂപം നൽകുമോ ;

(ഇ) കൈത്തറി തുണികൾ ഉൽപ്പാദിപ്പിക്കുന്നവർക്ക് നേരിട്ട് പ്രയോജനം ചെയ്യുന്ന പുതിയ ക്ഷേമ പരിപാടികൾ നടപ്പിലാക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി, (വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)**

(എ) യും (ബി) യും

ഇല്ല. ഇത്തരം നടപടികൾക്കുള്ള നിർദ്ദേശം നൽകുന്നത് പ്രായോഗികമാണെന്ന് തോന്നുന്നില്ല.

(സി) കേരളത്തിൽ കൊണ്ടുവരുന്ന, തമിഴ്നാട്ടിലെ വിലകുറഞ്ഞ കൈത്തറി തുണികൾക്ക് റിബേറ്റ് ആനുകൂല്യങ്ങൾ നൽകുന്നില്ല.

(ഡി) യും (ഇ) യും

തൊഴിൽ നഷ്ടപ്പെടുന്ന സ്ഥിതിവിശേഷം പരമാവധി ഒഴിവാക്കുന്നതിന് സഹായകരമായ രീതിയിലും കൈത്തറിത്തുണികൾ ഉല്പാദിപ്പിക്കുന്നവർക്ക് നേരിട്ട് പ്രയോജനം ചെയ്യുന്ന രീതിയിലുമാണ് കേന്ദ്ര സംസ്ഥാന പദ്ധതികൾ നടപ്പാക്കി വരുന്നത്.

**തുറമുഖവികസനത്തിനായി വിദേശ ഏജൻസിയിൽനിന്നും വായ്പ എടുക്കുന്നതിനുള്ള നടപടി**

**267** ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖ വികസനത്തിനായി ഏതെങ്കിലും വിദേശ ഏജൻസിയിൽനിന്നും വായ്പ എടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) തുറമുഖ വികസനത്തിനായി എന്തു തുക കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) കേരളത്തിലെ തുറമുഖങ്ങളുടെ ശോചനീയമായ അവസ്ഥ കാരണം കപ്പലുകൾ തമിഴ്നാട്ടിലേക്ക് പോകുന്നത് ഒഴിവാക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ ?

**ഉത്തരം**

**ശ്രീ. എം.വി.രാഘവൻ (സഹകരണവും തുറമുഖവും വകുപ്പുമന്ത്രി)**

(എ) ഇല്ല.

(ബി) തുറമുഖ വികസനത്തിനുള്ള രൂപരേഖ തയ്യാറാക്കുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്നും 2002-2003 ൽ 4,73,750/- രൂപ ലഭിച്ചിട്ടുണ്ട്.

(കേരളത്തിലെ തുറമുഖങ്ങളുടെ ശോചനീയമായ അവസ്ഥ കാരണം കപ്പലുകൾ തമിഴ്നാട്ടിലേക്ക് പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.